**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** — **10-08-2023 - ൽ മറുപടിയ്ക്ക്**

**വായ്പാ കുടിശിക ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ബാങ്ക് വായ്പകൾ തിരിച്ചടക്കാൻ കഴിയാതെ ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ 43 അപേക്ഷകളും സഹകരണ സ്ഥാപനങ്ങളിൽ 3142 അപേക്ഷകളും കേരള ബാങ്കിൽ 35 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വകുപ്പിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി അപേക്ഷകൾ ലഭിച്ചില്ല.** |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | **നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിൽ 43 അപേക്ഷകളും സഹകരണ സ്ഥാപനങ്ങളിൽ 3142 അപേക്ഷകളും കേരള ബാങ്കിൽ 35 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വകുപ്പിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി അപേക്ഷകൾ ലഭിച്ചില്ല.** |
| (സി) | ഇത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകളിന്മേൽ ജപ്തി നടപടികൾ ഒഴിവാക്കി നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പ് മുഖേന വായ്പാ കുടിശ്ശിക എഴുതി തള്ളുന്ന പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നില്ല. എങ്കിലും അപേക്ഷകരുടെ വായ്പാ കുടിശ്ശിക എഴുതി തള്ളാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതിനും വായ്പാ കുടിശ്ശിക തുകയിൽ പരമാവധി ഇളവ് അനുവദിക്കുന്നതിനും കുടിശ്ശിക തുക തവണകളായി നൽകുന്നതിനും ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനും കഴിയുമോ എന്ന് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ വായ്പയിന്മേൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് നിയമപരമായി സാധിക്കാത്തതിനാൽ വായ്പാ തിരിച്ചടവിന് സാവകാശം നൽകി 3031 അപേക്ഷകൾ താൽക്കാലികമായി ജപ്തി നടപടികൾ ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.കേരള ബാങ്ക് 30 അപേക്ഷകളിൽ ജപ്തി നടപടികൾ ഒഴിവാക്കി നൽകിയിട്ടുണ്ട്. |
| (ഡി) | 2 ലക്ഷം രൂപ വരെയുള്ള വായ്പ കുടിശിക പൂർണമായും ഒഴിവാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ